പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2409 | 14.06. 2019 ൽ മറുപടിക്ക്

## കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി


ചോദ്യം | ഉത്തരം

ശ്രീ.സണ്ണി ജോസഫ് | ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)


| | |
|---|---|
| (എ) കേന്ദ്ര വൈദ്യുതി നിയമം 2003 ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച വൈദ്യുതി ഭേദഗതി ബിൽ 2018 സംസ്ഥാനത്തെ ഉപഭോക്താക്കളുടെ താല്പര്യങ്ങൾക്ക് എതിരാണെന്ന കാര്യം വസ്തുതാപരമാണോ ;<br>(ബി) എങ്കിൽ ഏതൊക്കെ നിബന്ധനകളാണ് ഉപഭോക്താക്കളുടെ താല്പര്യത്തിന് വിരുദ്ധമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;<br>(സി) കേന്ദ്ര താരിഫ് നയം അനുസരിച്ച് വൈദ്യുതി നിരക്ക് പരിഷ്കരണം നടത്തണമെന്ന നിർദ്ദേശം വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അധികാരപരിധിയിലേക്കുള്ള കടന്നുകയറ്റവും ഉപഭോക്താക്കൾക്ക് അമിതഭാരം വരുത്തി വയ്ക്കുന്നതുമായ നിബന്ധനയാണോ എന്ന് വ്യക്തമാക്കുമോ ; | (എ) (ബി), (സി) നിർദ്ദിഷ്ട ഭേദഗതികൾ വൈദ്യുതവിതരണ മേഖലയുടെ കൂടുതലായുള്ള സ്വകാര്യവൽക്കരണത്തിലേക്ക് നയിച്ചേക്കാം എന്നതും, ചെറുകിട ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ വർദ്ധന ഉണ്ടാകാനിടയുണ്ട് എന്നതും തുടങ്ങി വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ പലതും സംസ്ഥാനത്തെ ഉപഭോക്താക്കളുടെ താല്പര്യങ്ങൾക്ക് പ്രത്യക്ഷത്തിൽ തന്നെ ദോഷകരമാണ് എന്ന് ആശങ്കപ്പെടുന്നു. നിലവിൽ വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾ ഉൾപ്പെടെ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നു ലഭിക്കുന്ന അധികവരുമാനം (ക്രോസ് സബ്സിഡി) ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള ചെറുകിട ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ സഹായിക്കുന്നുണ്ട്. നിർദ്ദിഷ്ട ഭേദഗതി പ്രകാരം ക്രോസ് സബ്സിഡി സമ്പ്രദായം നിർത്തലാക്കേണ്ടി വരുമെന്നതിനാൽ ആണ് ചെറുകിട ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ വർദ്ധനയുണ്ടാകും എന്ന് കരുതുന്നത്. വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ലക്ഷ്യമിട്ടു കൊണ്ടുള്ള നിർദ്ദേശങ്ങൾ തുടങ്ങിയ നിയമ ഭേദഗതികളും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഇതിനു പുറമേ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, വൈദ്യുതി നിരക്ക് നിർണ്ണയം, സംസ്ഥാനത്തിനുള്ളിലെ വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽ അടക്കം കേന്ദ്രസർക്കാർ അധികാരം കയ്യാളുന്ന നിർദ്ദേശങ്ങളും ഭേദഗതിയുടെ ഭാഗമായി വന്നിട്ടുണ്ട്. ഇവയും ബഹുഭൂരിപക്ഷം ഉപഭോക്താക്കളുടെ താല്പര്യത്തെ ദോഷകരമായി ബാധിച്ചേക്കാം. |
| (ഡി) എങ്കിൽ ഈ ഭേദഗതി നിയമത്തെ കുറിച്ചുള്ള ഉപഭോക്താക്കളുടെ ആശങ്കകൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണ് എന്നറിയിക്കാമോ ? | (ഡി) വ്യവസായ-വാണിജ്യ ഗാർഹിക ഉപഭോക്താക്കളുടെ പ്രതിനിധികളും വൈദ്യുതി രംഗത്തെ മറ്റ് വിദഗ്ധരുമായി ചർച്ചകൾ നടത്തി ഭേദഗതി നിർദ്ദേശങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെയും സർക്കാരിന്റെയും അഭിപ്രായവും നിർദ്ദിഷ്ട നിയമഭേദഗതിയിൽ ആവശ്യമായ മാറ്റങ്ങളും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കേന്ദ്ര സർക്കാറിന്റെ പ്രതികരണം അറിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ